10330

ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം.
( ഹാജർ : ശ്രീ കെ.ആർ. മുരളീധരൻ. ഐ.എ.എസ്. )
പബ്ലിക് ഓഫീസ് ബിൽഡിംഗ്സ്, തിരുവനന്തപുരം - 33

===========================================================

നം. എൽ.ആർ.എ 3 - 9850/2010 തീയതി : 23 - 04 - 2011

===========================================================

വിഷയം കേരള മുദ്രപത്ര നിയമം - 54(1) ഇടുക്കി ജില്ലാ രജിസ്ട്രാർ ജനറലിന്റെ ഉത്തരവിനെതിരായ അപ്പീൽ ഹർജി - സംബന്ധിച്ച്

വായന ശ്രീ. രാജപ്പൻ 07-04-2004 ൽ സമർപ്പിച്ച ഹർജി

അറക്കുളം സബ് രജിസ്ട്രാർ ഓഫീസിലെ പി/1/2009 നമ്പർ ധനനിശ്ചയാധാരത്തിന് 30,000/- രൂപ കുറവ് മുദ്ര വിലയും, 250/- രൂപ പിഴയും അടയ്ക്കണമെന്ന ഇടുക്കി ജില്ലാ രജിസ്ട്രാറുടെ 02-11-2009 ലെ എ.എസ്.എസ്. 2 - 61/2009 നമ്പർ ഉത്തരവിനെതിരെ കേരള മുദ്രപത്ര നിയമം 54(1) വകുപ്പ് പ്രകാരം സമർപ്പിച്ചിട്ടുള്ളതാണ് പ്രസ്തുത അപ്പീൽ ഹർജി.

അറക്കുളം സബ് രജിസ്ട്രാർ ഓഫീസിലെ 12/03 നമ്പർ ആധാര പ്രകാരം രൂപീകരിച്ച് സ്ഥാപിതമായ ഹിൽ റേഞ്ച് ഡെവലപ്മെന്റ് ഓർഗനൈസേഷൻ & ചാരിറ്റബിൾ ട്രസ്റ്റിനു വേണ്ടി അതിന്റെ മാനേജിംഗ് ട്രസ്റ്റി ശ്രീ. എം.എൻ. രാജപ്പൻ മുതൽ പേർക്ക് എടവെട്ടൽ ശ്രീ. ദിവാകരൻ നായർ , പുളിക്കാട്ടിൽ അയ്യപ്പൻ എന്നിവർ ചേർന്ന് എഴുതിക്കൊടുത്തിട്ടുള്ള ധനനിശ്ചയാധാരമായാണ് ചമച്ചിട്ടുള്ളത്. പട്ടിക വസ്തുക്കൾക്കും, കെട്ടിടത്തിനും 4,00,000/- രൂപ വില നിശ്ചയിച്ചിട്ടുള്ള ടി ആധാരത്തിന് 10,000/- രൂപ മുദ്ര വില ചുമത്തിയിട്ടുണ്ട്.

അപ്പീൽ പരിശോധിച്ചതിൽ ആധാരത്തിൽ പറയുന്ന ട്രസ്റ്റ് തികച്ചും മതപരവും ധർമ്മാർത്ഥപരവുമായ കാര്യങ്ങൾക്കും, മറ്റു പിന്നോക്ക സമുദായത്തിന്റെയും, പ്രദേശത്തിന്റെയും പുരോഗതി ലക്ഷ്യമാക്കി ടി ട്രസ്റ്റിന്റെ പേരിൽ തയ്യാറാക്കിയിരിക്കുന്ന ടി ധനനിശ്ചയാധാരത്തിന് മുദ്ര വിലയിളവ് അനുവദിയ്ക്കണമെന്നും കക്ഷി അഭ്യർത്ഥിച്ചിരിക്കുന്നു

മത ധർമ്മ സ്ഥാപനമെന്ന വിവക്ഷയിൽ, ടി സ്ഥാപനത്തിന് മുദ്ര വിലയിളവിന് അർഹതയില്ലെന്നും, ആയതിന് കേരള മുദ്രപത്ര നിയമം പട്ടിക ആർട്ടിക്കിൾ 21 പ്രകാരം മുദ്ര വില ആവശ്യമാണെന്ന് സബ് രജിസ്ട്രാറും, മത ധർമ്മ സ്ഥാപനമെന്നതിലുപരി ബിസിനസ്സ്, ബാങ്കിംഗ് ലക്ഷ്യങ്ങൾക്ക് മുൻതൂക്കം കൊടുത്തിരിക്കുന്നതിനാൽ, ടി ആധാരം കേരള മുദ്രപത്ര നിയമ പട്ടികയിൽ ആർട്ടിക്കിൾ 21 പ്രകാരം 10 % നിരക്കിൽ മുദ്ര വില ചുമത്തേണ്ടുന്ന ആധാരമാണെന്ന് ജില്ലാ രജിസ്ട്രാർ ജനറലും അഭിപ്രായപ്പെട്ടിരിക്കുന്നു

15-04-1964 ലെ ജി.ഒ.( എം.എസ്.) 265/64/ആർ.ഡി നമ്പർ സർക്കാർ ഉത്തരവനുസരിച്ച് ധർമ്മാർത്ഥവും, മതപരവുമായ കാര്യത്തിനോ, ഉള്ള ദാനത്തിനും, ധന നിശ്ചയത്തിനും അതാതിന് നിശ്ചയിച്ച നിരക്കിന്റെ പകുതി മുദ്ര വില ചുമത്തിയാൽ മതിയാകും. ടി ബന്തവസ്സാധാരം ട്രസ്റ്റിന്റെ പേരിൽ വാങ്ങുന്ന തീറാധാരമായി ചമച്ചിട്ടുള്ളതിനാലും, ധർമ്മാർത്ഥമായോ, മതപരമായ കാര്യത്തിനോ ആണ് ആധാരം ചമച്ചിട്ടുള്ളതെന്ന വിവരവും ആധാരത്തിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാലും, ടി ആധാരത്തിന് ആർട്ടിക്കിൾ 21 പ്രകാരം 10% നിരക്കിൽ മുദ്ര ചുമത്തേണ്ട ആധാരമാണെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലും അഭിപ്രായപ്പെട്ടിരിയ്ക്കുന്നു.

ബന്തവസ്സാധാരം പരിശോധിച്ചതിൽ, വീര ശൈവ ഡെവലപ്മെന്റ് ഓർഗനൈസേഷൻ & ചാരിറ്റബിൾ ട്രസ്റ്റിനു വേണ്ടി അതിന്റെ മാനേജിംഗ് ട്രസ്റ്റി പേർക്ക് ശ്രീ. ദിവാകരൻ നായർ, പുളിക്കാട്ടിൽ അഗസ്റ്റിൻ എന്നിവർ ചേർന്ന് എഴുതിക്കൊടുത്തിട്ടുള്ള തീറാധാരമായാണ് ടി ബന്തവസ്സാധാരം ചമച്ചിട്ടുള്ളത്. 15-04-1964 ലെ ജി.ഒ.( എം.എസ്.) 265/64/ആർ.ഡി നമ്പർ സർക്കാർ ഉത്തരവനുസരിച്ച് ധർമ്മാർത്ഥമായോ, മതപരമായ കാര്യത്തിനോ ഉള്ള ദാനത്തിനും ധന നിശ്ചയത്തിനും അതാതിന് നിശ്ചയിച്ച നിരക്കിന്റെ പകുതി മുദ്ര വില ചുമത്തിയാൽ മതി. പ്രസ്തുത ബന്തവസ്സാധാരം തീറാധാരമായാണ് ചമച്ചിട്ടുള്ളത്. കൂടാതെ, ധർമ്മാർത്ഥമായോ, മതപരമായ കാര്യത്തിനോ ആണ് ആധാരം ചമച്ചിട്ടുള്ളതെന്ന വിവരവും, ആധാരത്തിൽ പ്രതിപാദിച്ചിട്ടില്ല. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ടി ബന്തവസ്സാധാരത്തിന് കേരള മുദ്രപത്ര നിയമം പട്ടിക ആർട്ടിക്കിൾ 21 പ്രകാരം 10 % നിരക്കിൽ മുദ്ര വില ചുമത്തേണ്ടുന്നതാണെന്ന് കാണുന്നു.

## ഉത്തരവ്

16-02-2011 ൽ വിചാരണയ്ക്കായി ശ്രീ. രാജപ്പൻ ഹാജരായി. 1 1/4 ൽ സെന്റ് വസ്തുവും, കെട്ടിടവും, ട്രസ്റ്റിന്റെ ആവശ്യത്തിലേയ്ക്ക് ട്രസ്റ്റിന്റെ പേരിൽ വാങ്ങിയിട്ടുള്ളതാണെന്നും, ആയതിനാൽ, ഇളവിനർഹതയുണ്ടെന്നും, അപേക്ഷ അനുവദിയ്ക്കണമെന്നും അപേക്ഷിച്ചു.

ബന്തവസ്സാധാരവും മറ്റ് രേഖകളും പരിശോധിച്ചു. ബന്തവസ്സാധാരം ഒരു തീറാധാരമായാണ് ചമച്ചിട്ടുള്ളത്. ധർമ്മാർത്ഥമായോ, മതപരമായ കാര്യത്തിനാണ് ആധാരം ചമച്ചിരിയ്ക്കുന്നതെന്ന് ആധാരത്തിൽ വ്യക്തമാക്കിയിട്ടില്ല. 15-04-1964 ലെ ജി.ഒ.( എം.എസ്. ) 265/64/ആർ.ഡി നമ്പർ സർക്കാർ ഉത്തരവനുസരിച്ച് ധർമ്മാർത്ഥമായോ, മതപരമായ കാര്യത്തിനോ ഉള്ള ദാനത്തിനും, ധന നിശ്ചയത്തിനുമാണ് അതാതിന് നിശ്ചയിച്ചിട്ടുള്ള നിരക്കിന്റെ

3

പകുതി മുദ്ര വില ചുമത്തിയാൽ മതിയെന്ന് അനുവദിച്ചിട്ടുള്ളത്. ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ അപേക്ഷ തള്ളി ഉത്തരവാകുന്നു.

ഒപ്പ്
കമ്മീഷണർ
( ലാന്റ് റവന്യൂ )

ശ്രീ എം.എൻ. രാജപ്പൻ ( ചെറുകുന്നത്ത് )
മാനേജിംഗ് ട്രസ്റ്റി
റൂറൽ ഡെവലപ്മെന്റ് ഓർഗനൈസേഷൻ &
ചാരിറ്റബിൾ ട്രസ്റ്റ്, കുമാരമംഗലം
തൊടുപുഴ - പിൻ - 685 590

പകർപ്പ്

1. ജില്ലാ രജിസ്ട്രാർ ജനറൽ,
   ഇടുക്കി
2. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ,
   തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം,
(ഒപ്പ്)
സൂപ്രണ്ട്

പുറത്തെഴുത്ത് നമ്പർ RR4 - 31375/2009

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ഓഫീസ്,
തിരുവനന്തപുരം, തീയതി, 26/05/2011

ഉത്തരവിന്റെ പകർപ്പ് അനന്തര നടപടികൾക്കായി അയക്കുന്നു. ആധാര നടപടികൾ പൂർത്തിയാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

To - ജില്ലാ രജിസ്ട്രാർ (ജനറൽ), ഇടുക്കി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനു വേണ്ടി

rds